സി.ജി.(1)52475/16.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 03.01.2017.

## സർക്കുലർ 3 /2017.

വിഷയം: സഹകരണ വകുപ്പ്- സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ - സഹകരണ നിക്ഷേപ സമാഹരണ യജ്ഞം - കാലയളവ് ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) സഹകരണസംഘം രജിസ്ട്രാറുടെ 07.12.2016 ലെ 47/16-ാം നമ്പർ സർക്കുലർ.
2) 31.12.2016 ന് കൂടിയ പലിശ നിർണ്ണയ സബ്കമ്മിറ്റി തീരുമാനം.

......

കേന്ദ്ര സർക്കാരിന്റെ 08.11.2016 ലെ എസ്.ഒ.3407(ഇ) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം രാജ്യത്ത് നിലവിലിരുന്ന 500/-, 1000/- രൂപ നോട്ടുകൾ 2016 നവംബർ മാസം 9-ാം തീയതി മുതൽ അസാധുവാക്കിയതിനെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധി മറികടക്കുന്നതിന് 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ **"സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ"** സംഘടിപ്പിക്കുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം, നിലവിലുള്ള സ്ഥിതി അവലോകനം ചെയ്യുകയും സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിന്റെ ഭാഗമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സംഘടിപ്പിച്ചു വരുന്ന നിക്ഷേപ സമാഹരണ യജ്ഞം 2017 ജനുവരി 31 വരെ ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. ഈ സാഹചര്യത്തിൽ 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചിയിച്ചിട്ടുള്ള നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവ് 2017 ജനുവരി 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികൾ തുടരേണ്ടതാണ്. സർക്കുലർ നിർദ്ദേശം സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ശ്രദ്ധയിൽ കൊണ്ടു

വന്ന് ക്യാമ്പയിൻ തുടർന്നും സംഘടിപ്പിക്കുന്നതിന് എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും നടപടി സ്വീകരിക്കേണ്ടതാണ്.

സൂചന (1) ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഉള്ള പുരോഗതി റിപ്പോർട്ട്, നിശ്ചിത പ്രൊഫോർമയിൽ 2017 ജനുവരി 17, 24, 31 എന്നീ തീയതികളിലെ വിവരം അധികമായി സമർപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. രജിസ്ട്രാർ
   കേരള ഹൈക്കോടതി - ഉപരിപത്രം സഹിതം
   എറണാകുളം.
2. സെക്രട്ടറി
   കേരള നിയമസഭ - ഉപരിപത്രം സഹിതം
   തിരുവനന്തപുരം
3. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
5. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
   തിരുവനന്തപുരം
6. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
7. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
8. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
9. എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
12. എഡിറ്റർ സഹകരണവീഥി / സഹകരണ ജേർണൽ
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. വെബ്സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)